**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 848** **10-06-2021 - ൽ മറുപടിയ്ക്ക്**

**മാവൂർ എൻ.ഐ.ടി കൊടുവള്ളി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയ മാവൂർ എൻ.ഐ.ടി കൊടുവള്ളി റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | മാവൂർ - എൻ.ഐ.ടി. - കൊടുവള്ളി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും Alignment Stone സ്ഥാപിക്കുന്നതിനും വേണ്ടി 2020 ആഗസ്റ്റ് മാസം പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ പ്രസ്തുത റോഡിൽ കിഫ്ബി നിയോഗിച്ചിട്ടുള്ള ഡിസൈൻ റിവ്യൂ കൺസൾട്ടന്റിനു റോഡിന്റെ ഡിസൈൻ അവലോകനം നടത്തുന്നതിനായി Alignment Stone സ്ഥാപിക്കുന്ന പ്രവൃത്തി കിഫ്ബിയുടെ അഭിപ്രായപ്രകാരം താൽകാലികമായി നിർത്തി വച്ചിരിക്കുന്നു |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആയതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഡിസൈൻ അവലോകനം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ കഴിയുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ തുടങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ